**File No.LSGD-IA2/62/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2019 - വിവിധ പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി അനുവദിച്ച 1,25,45,000/- (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തയ്യായിരം) രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.292/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/02/2020

പരാമർശം:- 1)16/02/2017-ലെ സ.ഉ.(സാധാ)നം.284/2019/ത.സ്വ.ഭ.വ.

2)15/10/2019-ലെ സ.ഉ.(സാധാ)നം.7914/2019/ധന.

3)13/11/2019-ലെ സ.ഉ.(സാധാ)നം.2556/2019//ത.സ്വ.ഭ.വ.

4)09/01/2020 ലെ സ.ഉ.(സാധാ)നം.258/2020/ധന.

5)തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23.10.2019ലെ ഫിൻ4/ഇ-120556/2018 നമ്പർ കത്ത്

ഉത്തരവ്

2019-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കായി പരാമർശം 1 പ്രകാരം 3,14,13,250/- രൂപയുടെ ഭരണാനുമതി നല്കി ഉത്തരവായിരുന്നു. 2019-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള വിവിധ പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി പരാമർശം 3 പ്രകാരം 80 ലക്ഷം രൂപ അനുവദിച്ചും പരാമർശം 4 പ്രകാരം ടി. തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകിയും ഉത്തരവായിരുന്നു. പരാമർശം 5 പ്രകാരം 2019-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി 2,30,00,000/- രൂപ കൂടി അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർഅഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം 5 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള 2019-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള കുടിശ്ശിക ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി പരാമർശം 4 പ്രകാരം അധിക ധനാനുമതിയായി "2217-01-800-94 എന്ന ശീർഷകത്തിൽ അനുവദിച്ച 1,25,45,000/- (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തയ്യായിരം) രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**File No.LSGD-IA2/62/2019-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ